**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.93**

**05/03/2018 -ൽ മറുപടിയ്ക്ക്**

## <u>സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം</u>

<u>ചോദ്യം</u>

ശ്രീ. ഐ.ബി. സതീഷ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. ആന്റണി ജോൺ

ശ്രീ. എ.എൻ. ഷംസീർ

<u>മറുപടി</u>

പ്രൊഫ.സി.രവീന്ദ്രനാഥ്

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഏതൊക്കെ കോളേജുകൾക്കാണ് സ്വയംഭരണം നൽകിയിട്ടുള്ളത്;

(എ) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക് നിലവാരത്തിലുള്ള മാറ്റങ്ങളും, അതിന്റെ പ്രവർത്തനവും വിലയിരുത്തുന്നതിന് പുന:സംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സ്വയംഭരണ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) സ്വയംഭരണ കോളേജ് മാനേജ്മെന്റുകൾ സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ നിയന്ത്രണത്തിലല്ലാതെ പരിപൂർണ്ണ അധികാരത്തോടെ പ്രവർത്തിക്കുന്ന രീതി അഭികാമ്യമല്ലാത്തതിനാൽ ഇവയുടെമേൽ സാമൂഹിക നിയന്ത്രണമോ പരിശോധനയോ സാധ്യമാകുമോയെന്ന് പരിശോധിക്കുമോ;

(ബി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിച്ചാലുടൻ അത് പരിഗണിച്ച് യുക്തമായ തുടർനടപടികൾ കൈക്കൊള്ളുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) യു.ജി.സി.പുതുതായി ഇറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കോളേജുകളിൽ നിന്നുലഭിക്കുന്ന അപേക്ഷകൾ യു.ജി.സി.ക്ക് അയച്ചു കൊടുക്കുക,നിർദ്ദിഷ്ട സമിതികളിലേയ്ക്ക് വിദഗ്ധരെ നാമനിർദ്ദേശം ചെയ്യുക, കോളേജുകൾക്കുവേണ്ടി സർട്ടിഫിക്കറ്റുകൾ നൽകുക എന്നിവ മാത്രമായി സർവ്വകലാശാലകളുടെ അധികാരം പരിമിതപ്പെടുത്തിയിരിക്കുന്ന നയങ്ങൾ തിരുത്താൻ ഏതുതരത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും, സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെയും, സ്വയംഭരണാധികാരത്തേയും ബാധിക്കുന്ന തീരുമാനങ്ങളാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അക്കാദമിക നിലവാരത്തെ ബാധിക്കുന്നതും, സാമൂഹ്യനീതി അട്ടിമറിക്കുന്നതുമായ ഇത്തരം പരിഷ്കാരങ്ങൾക്കെതിരെ ശക്തമായ ഇടപെടൽ ആവശ്യമായി വരുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**ഒന്നാം ഘട്ടത്തിൽ സ്വയം ഭരണാവകാശം നൽകിയ കോളേജുകളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു**

1. മഹാരാജാസ് കോളേജ്, എറണാകുളം (സർക്കാർ കോളേജ്)
2. മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.
3. ഫാത്തിമ മാതാ നാഷണൽ കോളേജ്,കൊല്ലം.
4. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
6. സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം.
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,കളമശ്ശേരി,എറണാകുളം.
8. സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.
9. എം.ഇ.എസ് കോളേജ്, മാമ്പാട്.
10. ഫറോക്ക് കോളേജ്, കോഴിക്കോട്.
11. സെന്റ് ജോസഫ് സ് കോളേജ്, ദേവഗിരി
12. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കട.

**രണ്ടാം ഘട്ടമായി സ്വയം ഭരണ പദവി നൽകിയ 7 കോളേജുകളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു**

1. സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം.
2. മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം, എറണാകുളം.
3. സി. എം. എസ്. കോളേജ്, കോട്ടയം.
4. സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട.
5. വിമല കോളേജ്,തൃശ്ശൂർ.
6. അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി.
7. മരിയൻ കോളേജ്, കുട്ടിക്കാനം, ഇടുക്കി.

**സെക്ഷൻ ഓഫീസർ**